www.malankaralibrary.com

മെയ്
2023
ലക്കം 5

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



## ഈശോയുടെ കൈ പിടിക്കുന്ന യുവത്വം...



www.malankaralibrary.com



# എഡിറ്റോറിയൽ

## ഈശോയുടെ കൈ പിടിക്കുന്ന യുവത്വം...

ജീവിതത്തിൽ വ്യത്യസ്തമായ ഓരോ കാലഘട്ടങ്ങളിലൂടെ കടന്നു പോകുന്നവരാണ് നാം ഓരോരുത്തരും. ഓരോ പ്രായക്കാരും സമൂഹത്തിൽ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. പ്രത്യേകിച്ചും യുവജനങ്ങൾ, ഇന്നിന്റെയും നാളെയുടെയും വാഗ്ദാനങ്ങളാണ്.

ഓരോ നാടിന്റെയും ഊർജ്ജം യുവജനങ്ങളാണ്. ഒരു ശരാശരി മനുഷ്യന്റെ നല്ല സമയം അവരുടെ യുവത്വം തന്നെയാണ്. ഒരു പക്ഷേ തിരിച്ചു കിട്ടിയിരുന്നെങ്കിൽ എന്ന് നാം ഓർക്കുന്ന കാലഘട്ടം. സഭയ്ക്കും സമൂഹത്തിനും ഒരുപോലെ താങ്ങും തണലുമായി വളർച്ചയ്ക്കുതകുന്ന രീതിയിൽ ഉയർന്നു വരേണ്ട യുവത്വം. നമ്മോടൊപ്പമുള്ള യുവജനങ്ങളെ ദിശതെറ്റാതെ കൃത്യമായി പരിപാലനയും മാർഗ്ഗനിർദ്ദേശവും നൽകി മുന്നോട്ടുകൊണ്ടു പോകുവാനും കടപ്പെട്ടിരിക്കുന്നവരാണ് നാം ഓരോരുത്തരും. അതിന് എം.സി.വൈ.എം. എന്ന സംഘടനയുടെ മുന്നിൽ നിന്നു നാം പ്രവർത്തിക്കുകയും വേണം. ബാല്യ- കൗമാര കാലഘട്ടത്തിൽ കുട്ടികൾക്ക് മതബോധന ക്ലാസുകൾ നാം നൽകുന്നുണ്ടെങ്കിലും ഈശോയെ അവരുടെ ഹൃദയത്തിൽ ആഴമായി പകർന്നുനൽകി എന്ന് നാം ഉറപ്പുവരുത്തണം. നമ്മൾ ഉൾപ്പെടുന്ന യുവജനങ്ങളിൽ അനേകംപേർ ഇന്ന് ലഹരിക്ക് അടിമപ്പെടുമ്പോൾ അവരെ കണ്ടെത്തി ചേർത്തുപിടിച്ച് അവർക്ക് ഈശോയെ പകർന്നുനൽകുവാൻ നാം ശ്രദ്ധിക്കണം. കലാലയ ഇടനാഴികളിൽ, ആഘോഷ തിമിർപ്പിനിടയിൽ ക്രിസ്തുവിന്റെ കരം വിടാതെ മുറുകെ പിടിക്കുവാൻ നാം ശ്രദ്ധിക്കുക, സ്നേഹംപകരുന്ന ഹൃത്തിന്റെ ഉടമകളാക്കി മാറ്റുവാനും സന്തോഷത്തിന്റെ ആത്മാവിനെ ഒരാൾക്കെങ്കിലും പകർന്നുകൊടുത്ത് ഈ ലോകത്തിന്റെ പ്രകാശമാകുവാനും നമുക്ക് സാധിക്കണം. അതിന് ആദ്യം ആ സ്നേഹമാകുന്ന ഈശോയെ നമ്മുടെ അധരത്തിൽ അലിയിക്കുവാനും ഹൃദയത്തിൽ ഏറ്റുപറയുവാനും നാം പഠിക്കണം എങ്കിൽ മാത്രമേ ഒപ്പമുള്ളവന്റെ കണ്ണുനീരിനെ മനസ്സിലാക്കുവാനും, പ്രശ്നങ്ങളിൽ കൂടെനിൽക്കുവാനും സാധിക്കുകയുള്ളൂ.

യുവജന ശുശ്രൂഷയിൽ നാം മുന്നോട്ട് പോകുമ്പോൾ ഈശോയെ നെഞ്ചോട് ചേർത്തുകൊണ്ട് നമുക്ക് പ്രവർത്തിച്ച് നീങ്ങാം. അവൻ നൽകുന്ന ഊർജ്ജം സഭയുടെ വളർച്ചക്കും സമൂഹത്തിന്റെ പുരോഗതിക്കും ഒരുപോലെ ഉതകുന്നതാക്കി തീർക്കുവാൻ നമുക്ക് പരിശ്രമിക്കാം.

സ്നേഹപൂർവ്വം

**സുബിൻ തോമസ്**

സഭാതല ജനറൽ സെക്രട്ടറി

ചീഫ് എഡിറ്റർ



www.malankaralibrary.com



# Presidential Desk

ക്രിസ്തുവിനെ സ്വീകരിക്കുന്ന നല്ല യുവത്വം ഒരു തിരിച്ചവിൽ നിന്നുണ്ടാകുന്ന യാഥാർത്ഥ്യബോധമാണ്. ലോകത്തിന്റെ നെറുകയിൽ ഒരുവന് ആസ്വദിക്കാൻ കഴിയുന്ന എല്ലാ സൗകര്യങ്ങൾ ഉണ്ടായിട്ടും ക്രിസ്തുവെന്ന വ്യക്തിക്ക് പിന്നാലെ അനുധാവനം ചെയ്യാൻ ഓരോ യുവത്വവും പ്രകടമാക്കുന്ന ആർദ്രതയും തീക്ഷ്ണതയും ഒരു ഉറച്ച തീരുമാനമാണ്. ഒരുവൻ മറ്റൊരുവനെ പോലെ ആയിത്തീരുന്ന ഈ വലിയ സമസ്യയിൽ വിശ്വാസങ്ങൾക്കും മാതൃകകൾക്കും പഠിപ്പിക്കലുകൾക്കും അതിന്റേതായ പ്രാധാന്യമുണ്ട്. നാം തൊട്ടറിയുന്ന ക്രിസ്തുവിനെ ഹൃദയത്തോട് ചേർത്തുവച്ചുകൊണ്ട് മറ്റുള്ളവർക്ക് കൊടുക്കാൻ കഴിയുമ്പോഴാണ് ഈ പ്രക്രിയ നമ്മിൽ പൂർത്തിയാകുന്നത്.

ആധുനിക കാലഘട്ടം തിരക്കുകളുടെ ലോകത്തിലൂടെയാണ് നമ്മളെ നടത്തിക്കൊണ്ടു പോവുക, ഈ യാത്രയിൽ ക്രിസ്തു പലപ്പോഴും നാമമാത്രമായി നമ്മിൽ അവശേഷിക്കുന്നത് വേദനയോടെയാണ് നാം കാണുന്നത്. തങ്ങളുടെതായ ആഘോഷങ്ങൾക്ക് ആർഭാടങ്ങൾക്കും ഇടയിൽ മറ്റൊരുവനെ കാണിക്കാൻ വേണ്ടി മാത്രം നാം പ്രകടിപ്പിക്കുന്ന ക്രിസ്തുസ്നേഹം ഒരു പരിധിയിൽ കൂടുതൽ ഉപരിപ്ലവമാണ്. പക്ഷേ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾക്ക് തങ്ങൾ ക്രിസ്തുവിനെ ലോകത്തിനു കൊടുക്കാൻ ശിഷ്യത്വം സ്വീകരിച്ചവരാണ് എന്ന ബോധ്യം ഉണ്ടാകണം. അവന്റെ ആണിപ്പാടുകളിൽ നിന്ന് സ്വീകരിക്കുന്ന ശക്തിയും ആനന്ദവും ആത്മസമർപ്പണവും ആണ് നമ്മുടെ ജീവിതങ്ങളെ കൂടുതൽ ഊർജ്ജസ്വലരാക്കുന്നത്. വരുന്ന നാളുകൾ മലങ്കര സഭയിലെ പുണ്യം പൂക്കുന്ന നാളുകളായി നാം കണക്കാക്കാറുണ്ട്. പുനരൈക്യ ശില്പിയായ ദൈവദാസ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മതിരുന്നാളിന് ഇനി കുറച്ചുനാളുകൾ മാത്രം. ആ പുണ്യതാതൻ നമുക്ക് പകർന്നുതന്ന അതേ ദർശനത്തിൽ വരുംതലമുറയെ വാർത്തെടുക്കാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പ്രിയപ്പെട്ട യുവജനങ്ങൾക്ക് ക്രിസ്തുവിൽ എല്ലാവിധ നന്മകളും നേരുന്നു

**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്

www.malankaralibrary.com



# സഭയുടെ നട്ടെല്ലായ യുവജന സമൂഹം



**ജോബി ജി. ജോൺ**
പ്രസിഡന്റ്
എം.സി.വൈ.എം. കറ്റാനം വൈദിക ജില്ല

പരിശുദ്ധത്മാവിന്റെ നൽവരത്താൽ പണിതുയർത്തപ്പെട്ട സഭയുടെ നട്ടെല്ലാണ് യുവജന സമൂഹം. യുവജനങ്ങൾ തളർന്നാൽ സഭ തളരുന്നു എന്നതാണതിന്റെ അർത്ഥം. അതുകൊണ്ടുതന്നെ യുവജനങ്ങൾക്ക് സഭയും സമൂഹവും നൽകിയിരിക്കുന്ന പ്രാധാന്യം വലുതാണ്. നാളത്തെ സഭയെ കെട്ടിപ്പടുക്കേണ്ടതും ചോരയും നീരും കൊടുത്ത് അടുത്ത തലമുറയ്ക്ക് നൽകേണ്ടതും യുവജനങ്ങളായ നാമോരോത്തരുമാണ്. സഭയെ ദീർഘവീക്ഷ്ണത്തോടെ നോക്കിക്കാണാൻ ഓരോ യുവജനങ്ങളും തയ്യാറാകണം. യുവജന വിശ്വാസികൾ സഭകളിലെ സന്ദർശകരും കാഴ്ചക്കാരും ആകരുത്. യുവജനങ്ങൾ ദൈവത്തിന്റെ വലിയ പദ്ധതിയുടെ ഭാഗമാണെന്ന് എന്നും ഓർക്കണം.

## സത്പ്രവൃത്തി

മറ്റാർക്കും ചെയ്യാൻ കഴിയാത്ത മറ്റാരെക്കൊണ്ടും ചെയ്യിപ്പിക്കാൻ കഴിയാത്ത കാര്യങ്ങൾ ദൈവം നിങ്ങളെ കൊണ്ട് ചെയ്യിപ്പിക്കാൻ ഉദ്ദേശിക്കുന്നു. അതിന് സ്വയം പ്രാപ്തരാകുക. അതിനായി മനസ്സിനെ ഒരുക്കുകയും ബലപ്പെടുത്തുകയും ചെയ്യുക. ഓരോ വിശ്വാസിയേയും വ്യക്തിപരമായി കർത്താവ് വിളിക്കുന്നു. വിളിക്കുമ്പോൾ അവരെക്കുറിച്ച് കർത്താവിന് വ്യക്തമായ ഒരു ഉദ്ദേശ്യമുണ്ട് അഥവാ വിളിക്കപ്പെട്ടവർ ചെയ്തുതീർക്കേണ്ട, അവരിലൂടെ ദൈവത്തിനു സാധിക്കേണ്ട വ്യക്തമായ പദ്ധതികൾ ഉണ്ട്.

**'എനിക്കു രൂപം ലഭിക്കുന്നതിനു മുമ്പുതന്നെ, അവിടുത്തെ കണ്ണുകൾ എന്നെ കണ്ടു; എനിക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള നാളുകൾ ഉണ്ടാകുന്നതിനു മുമ്പുതന്നെ, അങ്ങയുടെ പുസ്തകത്തിൽ അവ എഴുതപ്പെട്ടു.'** (സങ്കീർത്തനങ്ങൾ 139:16)

യുവാക്കളെ, നിങ്ങൾ ദൈവത്താൽ നിയമിക്കപ്പെട്ടവരാണ്. നിങ്ങൾ തന്നെ ചെയ്തു തീർക്കേണ്ട ചില പ്രവർത്തികളും ദൈവം നിങ്ങൾക്കു നിശ്ചയിച്ചി

www.malankaralibrary.com



രിക്കുന്നു. ദൈവം പകരക്കാരെ നിയമിക്കണമോ? കർത്താവിന്റെ വേലയിൽ അവന്റെ കൂട്ടുവേലക്കരായി രിക്കുവാൻ ഒരു അവസരം ലഭിക്കുന്നത് ചെറിയ സംഗതിയോ?

**'നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത് പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ.'**
(എഫേസോസ് 2:10)

ദൈവം വിളിക്കുകയും തിരഞ്ഞെടുക്കുകയും നിയമിക്കപ്പെട്ട പ്രവർത്തിക്കായി ആക്കിവയ്ക്കുകയും ചെയ്തിരിക്കുന്നവരാണ് നാം. തങ്ങളുടെ കൃപാവരങ്ങൾ അറിഞ്ഞ് തന്റെയും സഭയുടെയും ആത്മിക വക്താവായി മാറാൻ നാം സന്നദ്ധരാകണം. അങ്ങനെ സന്നദ്ധത കാട്ടിയവരെയും അവരുടെ ശുശ്രൂഷകളെയും സഭ അറിയുകയും അവരെ പ്രോത്സാഹിപ്പിക്കുകയും വേണം. അപ്പൻ മക്കളെ എന്ന പോലെ സഭ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കണം.

### "യുവജനങ്ങളുടെ സ്വരം കേൾക്കണം" – ഫ്രാൻസിസ് പാപ്പാ

നമ്മിൽ ഒട്ടും യൗവനത്തിലല്ലാത്തവർ യുവജനത്തിന്റെ ശബ്ദങ്ങളും താത്പര്യങ്ങളും അടുത്തറിയാനുള്ള വഴികൾ കണ്ടെത്തണം. കൂടിച്ചേരലുകൾ സഭയെ സംവാദത്തിന്റെയും ജീവദായകമായ സാഹോദര്യത്തിന്റെയും സാക്ഷ്യത്തിന്റെയും പടവുകളിലേക്ക് ഉയർത്തുന്നു. ഹൃദയത്തെ സ്പർശിക്കാൻ കഴിയുന്ന സുവിശേഷത്തിന്റെ പ്രഘോഷണത്തിനുള്ള വാതിലുകൾ യുവജനങ്ങളിലൂടെ ലോകത്തിലേക്ക് തുറക്കപ്പെടണം.

പുതുമയുടെ ഫലങ്ങൾ നൽകുന്ന യുവജനങ്ങളെ വളർത്തിയെടുക്കാൻ സഭ തയ്യാറാകണം. സഭയിലും സമൂഹത്തിലും യുവജനങ്ങളെ കേൾക്കാനുള്ള അറിയാനുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെടണം. അതിലൂടെ സഭയുടെ പുത്തൻ പ്രതീക്ഷയെ വളർത്തിയെടുക്കാം.



www.malankaralibrary.com





# യുവത്വം

**ജോസ്മി ജോസ്**
പ്രസിഡന്റ്
എം.സി.വൈ.എം. കൊട്ടാരക്കര വൈദിക ജില്ല

സഭയുടെ നട്ടെല്ലാണ് യുവജന സമൂഹം. ഒരു മനുഷ്യായുസിലെ ഏറ്റവും സുവർണ കാലഘട്ടം എന്നത് യൗവന കാലഘട്ടമാണ്. ചുറുചുറുക്കുള്ള, ആരോഗ്യമുള്ള ഒരുപാട് ചിന്താശേഷിയും കരുത്തുമുള്ള ഒരു കൂട്ടം യുവാക്കളുടെയും യുവതികളുടെയും കാലഘട്ടം. നട്ടുച്ചക്ക് കത്തിജ്ജ്വലിച്ചു നിൽക്കുന്ന സുര്യനെ പോലെ കരുത്തും തീക്ഷ്ണതയുമുള്ള കാലഘട്ടം.

എല്ലാ യൗവനക്കാരുടെയും ശക്തി എന്നത് അവരുടെ പ്രശംസയാണ്. എല്ലാ യൗവനക്കാർക്കും പ്രശംസിക്കാൻ കഴിയുന്ന ഒരു കാര്യം യൗവനത്തിലെ ശക്തിതന്നെയാണ്. യുവാക്കൾക്കും യുവതികൾക്കും ദൈവം പ്രത്യേകമായി നൽകിയ ദാനമാണ് അവരുടെ ശക്തി എന്നത്. അത് നമുക്ക് ദൈവം നൽകിട്ടുള്ള ദൗത്യത്തിന് വേണ്ടിയാണ് ഉപയോഗിക്കേണ്ടത്. സങ്കീർത്തനം 103:5 ൽ ഇപ്രകാരം പറയുന്നു. 'നിന്റെ യൗവനം കഴുകന്റേതുപോലെ നവീകരിക്കപ്പെടാൻ വേണ്ടി നിന്റെ ജീവിതകാലമാത്രയും നിന്നെ സംതൃപ്തനാക്കുന്നു.'

യൗവനക്കാലത്തിന്റെ പ്രത്യേകത എന്തെന്നാൽ സ്വന്തമായി ചിന്തിച്ചു തീരുമാനം എടുക്കാനുള്ള പ്രാപ്തിയും ആരോഗ്യവും കഴിവും ഉള്ളതുകൊണ്ടു തന്നെ ദൈവത്തെക്കുറിച്ചു ഓർക്കാൻ പലപ്പോഴും മറന്നുപോകുന്നു. അവ മൂലം നാം നമ്മെത്തന്നെ മറന്ന് തെറ്റായ പാതയിൽ സഞ്ചരിക്കുന്നു. യേശുക്രിസ്തുവിനെ സുഹൃത്തായി സ്വീകരിച്ചു നേരിന്റെ പാതയിൽ സഞ്ചരിക്കുവാനും അവനിൽ ആശ്രയിച്ചു ജീവിക്കുവാനും ഓരോ യൗവനക്കാർക്കും സാധിക്കണം.

യുവത്വം എന്നത് യേശു കനിഞ്ഞു നൽകിയ നിധിയാണ്. അതിനാൽ അതീവഗൗരവത്തോടും പ്രാധാന്യത്തോടുംകൂടെ കൂടിവേണം ഈ കാലഘട്ടത്തെ സമീപിക്കാൻ.

www.malankaralibrary.com



യുവത്വം അനുകരണത്തിന്റെ ഒരു കാലഘട്ട മാണ്. ഇഷ്ടതാരങ്ങൾ, രാഷ്ട്രീയ-കായിക രംഗങ്ങളിൽ ആകർഷിക്കുന്ന താരങ്ങൾ. ഈ താരങ്ങളുടെ നന്മ തിന്മകളോടൊപ്പം ഇവരിലെ വ്യക്തിത്വ വൈകല്യ ങ്ങളും യുവജനങ്ങളിലേക്ക് എത്തുന്നു. അവമൂലം സ്വയമേ മറന്ന് മറ്റൊരു ലോകത്തിലേക്ക് യുവജന ങ്ങൾ ചേക്കേറുന്നു.

യുവജങ്ങളായ നാം ഓരോരുത്തരും അനുകരി ക്കേണ്ടത് യേശുവെന്ന അനന്യമായ താരത്തെയാണ്.



നിത്യജീവൻ പ്രാപിക്കാൻ എന്ത് ചെയ്യണം? എന്ന് ചോദിച്ചു കൊണ്ട് തന്നെ സമീപിച്ച ഒരു യുവാ വിനെ യേശു സ്നേഹപൂർവ്വം നോക്കിയെന്ന് വി. മാർക്കോസ് സുവിശേഷകൻ വി. ബൈബിളിലൂടെ നമുക്ക് പറഞ്ഞു നൽകുന്നു.

യുവാക്കന്മാരായ നാം ഓരോരുത്തരും സമൂഹ ത്തിൽ നന്മയും തിന്മയും തിരിച്ചറിഞ്ഞു പ്രവർത്തി ക്കുക എന്നാ രീതിയിൽ വലിയ പങ്കുവഹിക്കുന്നു. സമൂഹത്തിലുണ്ടാവുന്ന അധർമത്തിനും അനീതി ക്കുമെതിരെ ധീരമായി പൊരുതുവാൻ ഇന്ന് യൗവന ക്കാർക്ക് മാത്രമേ സാധിക്കുകയുള്ളു.

പിഴുതെറിയുവാനും നാട്ടുവളർത്താനും തകിടം മറിക്കുവാനും പണിതുയർത്തുവാനും വേണ്ടി അയയ്ക്കപ്പെട്ട കാലഘട്ടത്തിന്റെ പ്രവാചകന്മാരാണ് യുവജനങ്ങളായ നാം ഓരോരുത്തരും.

സ്നേഹവും ത്യാഗവും വിളങ്ങി നിൽക്കുന്ന കാൽവരിയിൽ നാം ഓരോരുത്തർക്കും വേണ്ടി ബലി യായിത്തീർന്ന യേശുവെന്ന യുവാവിനെയാണ് നാം റോൾ മോഡലാക്കേണ്ടത്. യുവത്വമെന്നത് മറ്റുള്ളവ ർക്ക് വേണ്ടിയുള്ള ത്യാഗോദാരമായ ജീവിതമാണെന്ന് ക്രിസ്തു തന്റെ ജീവിതത്തിലൂടെ നാം ഓരോരുത്ത രെയും പഠിപ്പിക്കുന്നു.

വിവിധ വെല്ലുവിളികൾ നേരിടുന്ന യുവത്വം എന്ന കാലഘട്ടത്തിലൂടെ സഞ്ചരിക്കുന്ന നാം ഓരോ രുത്തരും ഇന്ന് നാലു പാടുനിന്നും വിമർശനങ്ങളേറ്റ് യുവത്വം തളർന്നു വീഴുമ്പോൾ, അതിനെതിരെ ചെറുത്തുനിന്ന് ക്രിസ്തുവിന്റെ മക്കളായിത്തീരുവാൻ നമുക്ക് ഏവർക്കും സാധിക്കട്ടെ. ക്രിസ്തുവിന്റെ കരു ണയുടെയും നന്മയുടെയും മനോഭാവം ഓരോ യുവജങ്ങളുടെയും ഉള്ളിൽ ഉണ്ടാകട്ടെ.




# விரைந்து எழுந்து இணைந்து பயணிப்போம்



**Harslin B**
Vice President, MCYM Global

நமது திருஅவையானது இளையோரை முன்னிலைப்படுத்தி மகிழ்கிறது. இளையோரை இணைந்து பயணிக்க அழைக்கிறது. "விரைந்து எழுந்து இணைந்து பயணிப்போம்" என்ற வரிகளுக்கு உயிர் கொடுக்க வேண்டியது இளையோராகிய நம் ஒவ்வொருவரின் கடமையாகும். இதையே திருஅவை நமக்கு போதிக்கிறது.

வளமான நாளைய திருஅவையை உருவாக்கும் கருவிகளே இன்றைய இளையோர்கள். ஆனால் அதற்கான முயற்சியில் நாம் ஈடுபடுகிறோமா? என்றால் அது சிந்திக்க வேண்டிய ஒன்று. காரணம் சோம்பேறித்தனம். சூரியனுக்கு முன்னரே எழுந்து உழைத்த காலம் மாறி மதியம் வரை தூக்கத்தை தேடும் இளையோர்களாக இன்று நாம் மாறிக்கொண்டிருக்கிறோம்.

இன்று நமக்கு இரண்டு கைகள் அல்ல, மூன்று கைகள் உள்ளன என்று கூறினால்

www.malankaralibrary.com



ஆச்சரியப்பட வேண்டாம். ஸ்மார்ட் போன்கள் இன்று மூன்றாவது கை போல நம்முடன் ஒட்டிக்கொண்டுள்ளன. புதுமையும், அறிவியல் கண்டுபிடிப்புகளும் நம் வாழ்வை மகிழ்ச்சியாக்கவும், நம் வேலைகளை எளிதாக்கவுமே கண்டுபிடிக்கப்படுகின்றன. நாம் அவற்றை சரியான முறையில் பயன்படுத்துகிறோமா என்று சிந்தியுங்கள் இளையோர்களே!

"இணைந்து பயணிப்பது" குடும்பங்களில் இருந்து தொடங்க வேண்டும். இன்று எத்தனை குடும்பங்களில் "இணைந்து ஜெபிக்கும் பழக்கம்" இருக்கிறது என்று கேட்டால் வெகு சில குடும்பங்களே "ஆம்" என்று பதிலளிக்கும். திருஅவையை நேசிக்கும் இளைஞர்கள் அனைவரும் குடும்பமாக இணைந்து ஜெபிக்க முன்வர வேண்டும். இது நம் வாழ்வில் கிறிஸ்துவோடு இணைந்து பயணிக்க வழிவகுக்கும் என்பது மறுக்கமுடியாத உண்மை.

கடமையைக் கண்டு அச்சம் கொள்ள வேண்டாம். எதையும் செய்யும் தைரியமான மனம் இன்றைய இளையோருக்கு மிகவும் அவசியம். குடும்பத்தை வழிநடத்த கரம் கொடுப்போம். செல்லும் இடமெல்லாம் அன்பை விதைக்கும் இளையோராக வாழ முற்படுவோம். சோம்பல், பயம், மனஉளைச்சல் என தேவையற்ற அனைத்தையும் தூக்கி எறிந்து உடல் பலத்திலும், மனவலிமையிலும், நற்பண்புகளிலும் நம் நாட்டத்தை செலுத்த விரைந்து எழ வேண்டும்.

"கடமை தவறாத இளையோர்களாக!
குடும்பத்தை தாங்கி நிற்பவர்களாக!
அநீதி கண்டால் குரல் கொடுப்பவர்களாக!
உதவும் கரம் கொண்டவர்களாக!
சமுதாயத்தை சீர்படுத்தும் இளையோர்களாக!
நேர்மறை சிந்தனை கொண்டவர்களாக!
கிறிஸ்துவோடு இணைந்து பயணிக்கும் இளைஞர்களாக!"
வாழ திருஅவை நம்மை அழைக்கிறது.



நம் செயல்பாடுகளில் கிறிஸ்துவை பிரதி பலிப்பவர்களாக வாழ நாம் அழைக்கப்படு கிறோம். வாரீர் இளையோரே, திருஅவையை உயர்த்திட, வழிநடத்திட "விரைந்து எழுவோம்! இணைந்து பயணிப்போம்".

www.malankaralibrary.com



# ഞാൻ കണ്ട ത്രിപുര മിഷൻ



**റോബിൻ ജോസഫ്**
ബത്തേരി ഭദ്രാസനം

എം.സി.വൈ.എം. ബത്തേരി രൂപതയുടെ 2023 വർഷത്തെ പ്രവർത്തനങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ആശയം ആയിരുന്നു മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെടുക എന്നത്. 2023 ഏപ്രിൽ മാസത്തെ 6 ദിനങ്ങൾ എക്കാലവും ഹൃദയത്തിന്റെ ഉള്ളറകളിൽ മായാത്ത ദിനയാത്രങ്ങളായി പതിക്കുന്നു.

'ക്രിസ്തു സാക്ഷ്യം ഉജ്ജ്വലിത യുവത്വത്തിന്റെ അടയാളമായിമാറുവാൻ യുവജനങ്ങൾ ഇറങ്ങിയിരിക്കുന്നു. 'മിസിയോ 2023' കേരളത്തിൽ നിന്നും ത്രിപുരയിലേക്ക് മലങ്കര കത്തോലിക്കാ സഭയിലെ യുവജനങ്ങൾ എന്ന ഒറ്റ വികാരത്തിൽ ഒരു വൈദികനും ഒരു സന്യാസിയും അഞ്ചു യുവജനങ്ങളും ഇറങ്ങിയപ്പോൾ മുന്നിലുള്ള ആറു ദിവസങ്ങൾ എവിടെയെന്നോ, എങ്ങനെയെന്നോ, അറിയില്ലായിരുന്നു എവിടേക്കാ? എന്ന ചോദ്യത്തിന് ത്രിപുരയിലേക്ക് എന്ന ഉത്തരം മാത്രം.

ഹൃദയസ്പർശിയായ അനുഭവങ്ങൾ എങ്ങനെ പേപ്പർ താളുകളിലെ പതിപ്പിക്കണം എന്നത് മനസ്സിലാവുന്നില്ല. തിരക്കുകൾക്കിടയിലും ഒപ്പമായിരുന്ന മിഷ്യൻ മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വൈദികർ, സന്യസ്ഥർ, 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ' എന്ന കർത്താവിന്റെ വചനം ഹൃദയത്തിലേറ്റി ഇറങ്ങിത്തിരിച്ചവർ.

ദാരിദ്ര്യത്തിലും ഇല്ലായ്മയിലും ഉള്ളതിൽ തൃപ്തി കണ്ടെത്തുന്ന ഒരു സമൂഹം അവരുടെ ഇടയിലേക്ക് ക്രിസ്തു എന്ന വികാരത്തെ പകർന്നു നൽകുവാൻ സാധിക്കുമ്പോൾ അതും ജീവിത അനുഭവത്തിന്റെ വേറിട്ട അനുഭവമായി മാറുന്നു.

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെയും കാലം ചെയ്ത ബർണബാസ് പിതാവിന്റെ

www.malankaralibrary.com



യും ഫോട്ടോകൾ ത്രിപുര വീടിന്റെ മുള ഭിത്തികളിൽ കാണപ്പെട്ടപ്പോൾ 'അതിവേഗം വളരുന്ന സഭ' എന്ന മാർപാപ്പയുടെ വാക്കുകൾ ഹൃദയത്തിൽ മന്ത്രിച്ചു സഭാപിതാക്കന്മാരുടെ സ്വപ്നവും ഇതുതന്നെ ആയിരുന്നല്ലോ.

വ്യത്യസ്തമാർന്ന ഭക്ഷണശൈലിയും വസ്ത്രധാരണവും എന്നെ ഏറെ ആകർഷിച്ചു. മലയാളത്തിൽ മാത്രം വിശുദ്ധ കുർബാനയും യാമപ്രാർത്ഥനകളും പങ്കെടുത്തിരുന്ന ഞങ്ങൾക്ക് ഇതുവരെ പേര് പോലും കേൾക്കാത്ത ഭാഷയിൽ മലങ്കര സഭയുടെ ഈണവും തനിമയും നഷ്ടപ്പെടാതെ കേട്ടപ്പോൾ 'ഞാൻ മലങ്കരക്കാരനായതിൽ അഭിമാനിക്കുന്നു' എന്ന വികാരം ഒരിക്കൽ കൂടി ഉറപ്പിക്കപ്പെട്ടു.

ജയ് എം.സി.വൈ.എം. എന്ന് വിളിക്കുമ്പോൾ 'ജയ് ജയ് എം.സി.വൈ.എം.' എന്ന് വിളിക്കാൻ ത്രിപുരയുടെ മണ്ണിലും യുവജനങ്ങൾ വളർന്നിരിക്കുന്നു. എന്നെ അതിശയിപ്പിച്ചത് ഇതൊന്നുമല്ല ജനിച്ച് രോഗാവസ്ഥയിൽ ആയിരിക്കുന്ന ദിവസങ്ങൾ മാത്രം പ്രായമുള്ള കുഞ്ഞിനെ വിശുദ്ധ വേദപുസ്തകത്തോട് ചേർത്ത് തൊട്ടിലിൽ കിടത്തിയിരിക്കുന്ന രംഗം. ഇതല്ലേ വിശ്വാസത്തിൻറെ ആഴമായ പ്രതീകം. വിശ്വാസത്തിലേക്ക്, ക്രിസ്തു അനുഭവത്തിലേക്ക് വളരുന്ന, വളർത്തുന്ന ഒരു സമൂഹത്തിന്റെ ആഴമായ വിശ്വാസം.

ഡി.എം. കോൺവെന്റിന്റെ കൂദാശയും മന്തായിറായുക്കനായി റയിശാബരി എന്നീ മിഷൻ വില്ലേജുകളുടെ സന്ദർശനവും മിഷൻ പ്രവർത്തനത്തെ കൂടുതൽ മനസ്സിലാക്കുവാൻ മനസ്സിലാക്കുന്നതിന് സാധിച്ചു.

5 ദിവസങ്ങൾ ഞങ്ങളോടൊപ്പം ആയിരുന്നു ഫാ. മാത്യു മണൽവിള ഒ.ഐ.സി., ഫാ. വർഗീസ് കുടരേഴിയത്ത്, ഫാ. അഗസ്റ്റിൻ കിഴക്കേടത്ത് ഒ.ഐ.സി., സി. അമൂല്യ ഡി.എം., സി. സുമ എസ്.ഐ.സി., സി. ലിസ എസ്.ഐ.സി. എന്നിവരെ നന്ദിയോടെ ഓർക്കുന്നു. നിങ്ങളുടെ പ്രവർത്തനങ്ങൾ മലങ്കര സഭയ്ക്ക് എന്നും മുതൽക്കൂട്ട് ആയിരിക്കട്ടെ.

## സഭാതലസമിതി




### MEET THE DIOCESE

M.C.Y.M Central Team visited Puttur Diocese and evaluated the youth activities in the Diocese. Most. Rev. Geevarghese Mar Makarios Bishop of Puttur Diocese wished and prayed for the good work of Central Secretariat. MCYM Central Secretariat acknowledge with gratitude for the warm welcome given by the Puttur Diocese.




## തിരുവല്ല അതിഭദ്രാസനം

### HASTEN 2K23

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ ഈ വർഷത്തെ കർമ്മപദ്ധതി ഉത്ഘാടനം HASTEN 2023 മെയ് 13 ശനിയാഴ്ച രാവിലെ 9.30 ന്









തിരുവല്ല ശാന്തിനിലയത്തിൽ വച്ച് നടത്തി. തിരുവല്ല അതിഭദ്രാസനത്തിന്റെ മുഖ്യവികാരി ജനറാൾ വന്ദ്യ മോൺ. ഡോ. ഐസക്ക് പറപ്പള്ളിൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷാരോൺ കെ. റെജി ഈ വർഷത്തെ കർമ്മപദ്ധതികളുടെ ഔദ്യോഗിക പ്രകാശനം നിർവ്വഹിച്ചു. തുടർന്ന് യുവജനങ്ങളെ അഭിസംബോധന ചെയ്തു സംസാരിച്ചു. യോഗത്തിന് അതിഭദ്രാസന പ്രസിഡന്റ് ജോബിൻ ജോസ് അധ്യക്ഷത വഹിച്ചു. തുടർന്ന് അതിഭദ്രാസന ഡയറക്ടർ റവ. ഫാ. ഏബ്രഹാം തൈപ്പറമ്പിൽ സംസാരിച്ചു. യോഗത്തിൽ പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന ഏബ്രഹാം തൈപ്പറമ്പിൽ അച്ചനേയും സന്ന്യാസ ജീവിതത്തിൽ ഇരുപത്തിയഞ്ച് വർഷം പൂർത്തിയാക്കിയ അതിഭദ്രാസന യൂത്ത് കോർഡിനേറ്റർ സിസ്റ്റർ അലീന എസ്. ഐ.സിയെയും ആദരിച്ചു. അതോടൊപ്പം വനിതാ ദിനത്തിനോട് അനുബന്ധിച്ചു എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട 'ഗബ്രീലിയ' മത്സരവിജയികൾക്കു സമ്മാനദാനവും നടത്തി. കർമ്മപദ്ധതി ഉത്ഘാടനത്തിനു ശേഷം വിശേഷാൽ സെനറ്റും തിരഞ്ഞെടുപ്പും നടത്തപ്പെട്ടു. വിവിധ മേഖലയിൽ നിന്നായി 56 അംഗങ്ങൾ പങ്കെടുത്തു.

### ദിശ 2023

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ ജോബ് ആൻഡ് കരിയർ മിനിസ്ട്രിയുടെയും

www.malankaralibrary.com






കാർഡിയോട്ട് ലാംഗ്വേജ് അക്കാദമിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായി മെയ് 27 ശനിയാഴ്ച രാവിലെ 9:30 ന് കരിയർ ഗൈഡൻസ് ക്ലാസ് നടന്നു. തോട്ടഭാഗം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിന്റെ ഹാളിൽ വച്ച് തിരുവല്ല അതിഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് ക്ലാസ് ഉദ്ഘാടനം ചെയ്തു.

പ്രശസ്ത എഡ്യൂക്കേഷനിസ്റ്റും കോർപ്പറേറ്റ് സൈക്കോളജിസ്റ്റുമായ ഡോ. അജിത് ശങ്കർ ക്ലാസ്സുകൾ നയിച്ചു. കാർഡിയോട്ട് ലാംഗ്വേജ് അക്കാദമിയുടെ മാനേജർ ഫാ. ജേക്കബ് മാത്യൂ അരീക്കൽ കുട്ടികളോട് സംസാരിച്ചു. അതിഭദ്രാസന ഡയറക്ടർ ഫാ. ഏബ്രഹാം തൈപ്പറമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ചെറിയാൻ കുരിശുംമൂട്ടിൽ, തോട്ടഭാഗം യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് പാറക്കൽ, അതിഭദ്രാസന പ്രസിഡന്റ് ജോബിൻ ജോസ്, ജനറൽ സെക്രട്ടറി പ്രിയമോൾ രാജൻ, സെക്രട്ടറി റീബ ജോൺ, കെ. സി.വൈ.എം. സംസ്ഥാന സെക്രട്ടറി മറിയം റ്റി. തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

## സത്യപ്രതിജ്ഞ

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന സമിതിയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹിയുടെ സത്യപ്രതിജ്ഞ 2023 മെയ് 27-ാം തീയതി ശനിയാഴ്ച ഉച്ചക്ക് ശേഷം 3 മണിക്ക് മേരിഗിരി അരമനയിൽ വച്ച് അതിഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ മുമ്പാകെ നടത്തപ്പെട്ടു. അതിഭദ്രാസന വൈസ് പ്രസിഡന്റായി കട്ടപ്പന മേഖല സിൻഡിക്കേറ്റ് അംഗം മനു ബിജു സത്യവാചകം ചൊല്ലി വിശുദ്ധ ബൈബിൾ ചുംബിച്ചുകൊണ്ട് തന്റെ ചുമതലകൾ ഏറ്റെടുത്തു.

## പത്തനംതിട്ട ഭദ്രാസനം

## യുവകർഷകൻ: 2k23




ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി ഈ വർഷം എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യുവ കർഷകൻ എന്ന ഒരു മത്സരം നടത്തുവാൻ ആഗ്രഹിക്കുന്നു. യുവജനങ്ങളുടെ ഇടയിൽ കാർഷികവൃത്തിയുടെ പ്രാധാന്യം മനസിലാക്കാനും, പഠനത്തോടും,

www.malankaralibrary.com



ജോലിയോടും ഒപ്പം കൃഷി മേഖലയിൽ മെച്ചപ്പെട്ട സംഭാവനകൾ നൽകുന്ന യുവജനങ്ങളെ പ്രോത്സാഹിപ്പിക്കാനും വേണ്ടിയാണ് ഇപ്രകാരം ഒരു മത്സരം നടത്തുന്നത്.

### ലിയാത്ത് (നീ എന്റേതാണ്)




എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെയും സുവിശേഷവത്കരണ കാര്യാലയത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ലിയാത്ത് ജീസസ് എൻകൗണ്ടർ ക്യാമ്പ് നടത്തപ്പെട്ടു. മെയ് മാസം 10 മുതൽ 13 വരെ അടൂർ ഓൾ സെയ്ന്റ്സ് സ്കൂളിൽ വച്ച് നടത്തപ്പെട്ട ക്യാമ്പിൽ 200 ൽ പരം യുവജനങ്ങൾ പങ്കെടുത്തു. പ്രസ്തുത ക്യാമ്പ് യുവജനങ്ങളുടെ ആത്മീയ വളർച്ചയ്ക്ക് സഹായകമായി. റവ ഫാ. മാത്യു നെരിയാട്ടിൽ, റവ. ഫാ. സ്കറിയ പതാലിൽ എന്നിവർ പ്രസ്തുത ക്യാമ്പിന്റെ എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നൽകി.

### പ്രാർത്ഥനാ ദിനം

മണിപ്പൂരിലെ ഞങ്ങൾക്കും ദൈവാലയങ്ങൾക്കും നേരെ തുടരുന്ന അക്രമ സംഭവങ്ങളെ അപലപിച്ചുകൊണ്ട് കലാപ ഭൂമിയിൽ സമാധാനം പുലരുന്നതിനായി എം സി വൈ എം പത്തനംതിട്ട ഭദ്രാസന സമിതി പ്രാർത്ഥന ദിനം ആചരിച്ചു. മെയ് മാസം 7-) തീയതി




ഭദ്രാസനത്തിലെ എല്ലാ ദൈവാലയങ്ങളിലും പ്രാർത്ഥനാ ദിനത്തിന്റെ ഭാഗമായി ഉള്ള പരിപാടികൾ നടത്തപ്പെട്ടു.പ്രസ്തുത പരിപാടികൾക്ക് അതാത് തലങ്ങളിലെ യുവജന നേതാക്കന്മാർ നേതൃത്വം നൽകി.

## മൂവാറ്റുപുഴ ഭദ്രാസനം

### 2023-24 വർഷത്തെ കർമ്മപദ്ധതി പ്രകാശനവും പുനരൈക്യ ദിനത്തോടുള്ള ഒരുക്കവും

എം.സി.വൈ.എം. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ 2023-24 വർഷത്തെ കർമ്മപദ്ധതി പ്രകാശനം മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് പിതാവ് കീഴില്ലം പാസ്റ്റർ സെന്ററിൽ വച്ച് നിർവഹിക്കുകയും യുവജന സന്ദേശം നൽകുകയും ചെയ്തു. എം.സി.വൈ.എം. മൂവാറ്റുപുഴ ഭദ്രാസന പ്രസിഡന്റ് ശ്രീ. സിബി തോമസ് അധ്യക്ഷ

www.malankaralibrary.com





നായിരുന്ന ചടങ്ങിൽ എം.സി.വൈ.എം. മൂവാറ്റുപുഴ ഭദ്രാസന ഡയറക്ടർ ഫാ. ക്ലീറ്റസ് കീഴക്കൂടൻ സ്വാഗത പ്രസംഗം നടത്തി. മുവാറ്റുപുഴ മേഖല വികാരി ഫാ. ബേബി മടത്തിക്കുന്നത്ത്, എം.സി.വൈ.എം. ഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആന്റണി വേങ്ങനിൽക്കുന്നതിൽ എന്നിവർ ആശംസകൾ അറിയിച്ചു സംസാരിക്കുകയും ചെയ്തു. എൺപതോളം യുവജനങ്ങൾ സന്നിഹിതരായിരുന്ന സമ്മേളനം വളരെ അനുഗ്രഹപ്രദമായി സമാപിക്കുകയും പുനരൈക്യദിനത്തോടനുബന്ധിച്ച് കീഴില്ലം പാസ്റ്റർ സെന്റർ യുവജനങ്ങൾ ഒന്നിച്ച് മനോഹരമാക്കുകയും ചെയ്തു.

## പാറശ്ശാല ഭദ്രാസനം

### അഭിനന്ദനങ്ങൾ




സിവിൽ സർവീസ് പരീക്ഷയിൽ 585-ാം സ്ഥാനം നേടിയ പാറശ്ശാല ഭദ്രാസനത്തിലെ എട്ടുകുറ്റി ഇടവകാംഗം മറീന വിക്ടറിനു പാറശ്ശാല ഭദ്രാസന യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

### അസ്സിസിയൻസ്@താബോർ യുവജന ധ്യാനം - ചെമ്പൂർ വൈദിക ജില്ല



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ചെമ്പൂർ വൈദിക ജില്ലയിലെ യുവജനങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച യുവജന ധ്യാനം, അസ്സിസിയൻസ്@ താബോർ പനച്ചമൂട് ദൈവാലയത്തിൽ വച്ച് 2023 മെയ് 14 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം നടന്നു. കരുണകൊന്തയോടെ ആരംഭിച്ച യുവജന ധ്യാനത്തിൽ ബഹു. ഫാ. ജോർജ് കുരയ്ക്കോട്ടു പ്രാരംഭ പ്രാർത്ഥനയും ബഹു. തോമസ് പൊറ്റപുരയിടം അച്ചൻ വചനസന്ദേശം പങ്കുവയ്ക്കലും നടത്തി. അന്നേദിവസം യുവജനങ്ങൾ എല്ലാവരും കുമ്പസാരിച്ച് ദൈവകൃപ പ്രാപിക്കുകയും വി. കുർബാനയുടെ ആരാധനയിൽ സംബന്ധിക്കുകയും ചെയ്തു. യുവജന ധ്യാനത്തിന് വേണ്ട ക്രമീകരണങ്ങൾ ചെമ്പൂർ വൈദിക ജില്ലയുടെ നേതൃത്വത്തിൽ പനച്ചമൂട് യൂണിറ്റ് നടത്തി.

### അസ്സിസിയൻസ്@താബോർ യുവജന ധ്യാനം - പാറശ്ശാല വൈദിക ജില്ല

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പാറശ്ശാല വൈദിക ജില്ലയിലെ യുവജനങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച യുവജന ധ്യാനം, അസ്സിസിയൻസ്@ താബോർ കുടയാൽ ദൈവാലയത്തിൽ വച്ച് 2023 മെയ് 7 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം നടന്നു. കരുണകൊന്തയോടെ ആരംഭിച്ച യുവജന

www.malankaralibrary.com





ധ്യാനത്തിൽ ബഹു. ഫാ. തോമസ് ഈട്ടിക്കാലായിൽ പ്രാരംഭ പ്രാർത്ഥനയും ബഹു. ഷീൻ പാലാക്കുഴി അച്ചൻ വചനസന്ദേശം പങ്കുവയ്ക്കലും നടത്തി. അന്നേദിവസം യുവജനങ്ങൾ എല്ലാവരും കുമ്പസാരിച്ച് ദൈവകൃപ പ്രാപിക്കുകയും വി. കുർബാനയുടെ ആരാധനയിൽ സംബന്ധിക്കുകയും ചെയ്തു. യുവജന ധ്യാനത്തിന് പാറശ്ശാല വൈദികജില്ല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ നിരപ്പുവിള സമാപന സന്ദേശം നൽകി. യുവജന ധ്യാനത്തിന് വേണ്ട ക്രമീകരണങ്ങൾ പാറശ്ശാല വൈദിക ജില്ലയുടെ നേതൃത്വത്തിൽ കുടയാൽ യൂണിറ്റ് നടത്തി.

### അസ്സിസിയൻസ്@താബോർ യുവജന ധ്യാനം - നെയ്യാറ്റിൻകര വൈദിക ജില്ല

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നെയ്യാറ്റിൻകര വൈദിക ജില്ലയിലെ യുവജനങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച യുവജന ധ്യാനം, അസ്സിസിയൻസ്@ താബോർ കാഞ്ഞിരംകുളം ദൈവാലയത്തിൽ വച്ച് 2023 ഏപ്രിൽ 30 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം നടന്നു. കരുണകൊന്തയോടെ ആരംഭിച്ച യുവജന ധ്യാനത്തിൽ ബഹു. ഫാ. ജോൺ പോൾ ഒ.ഐ.സി. പ്രാരംഭ പ്രാർത്ഥനയും ബഹു. ഷീൻ പാലാക്കുഴി അച്ചൻ വചനസന്ദേശം പങ്കുവയ്ക്കലും നടത്തി. അന്നേദിവസം യുവജനങ്ങൾ എല്ലാവരും കുമ്പസാരിച്ച് ദൈവകൃപ പ്രാപിക്കുകയും വി. കുർബാനയുടെ ആരാധനയിൽ സംബന്ധിക്കുകയും ചെയ്തു. യുവജന ധ്യാനത്തിന് വേണ്ട ക്രമീകരണങ്ങൾ നെയ്യാറ്റിൻകര വൈദിക ജില്ലയുടെ നേതൃത്വത്തിൽ കാഞ്ഞിരകുളം യൂണിറ്റ് നടത്തി.





## Diocese of Puttur

### HENOSIS 2K23

HENOSIS 2K23, the Mega Youth Convention organized by MCYM Puttur Diocesan Secretariat, was held on May 27th and 28th at Bethany Educational Institutions in Nellyady. Most. Rev. His Excellency Geevarghese Mar Makarios, Chairman of MCYM Puttur Diocese, graced the inaugural ceremony with his presenc, bestowing his blessings upon the event. Mr. Babith N. V., President of MCYM Puttur Diocese presided over the inauguration. Esteemed KRYC President, Mr. Nevin Antony assumed the role of the chief guest. The convention featured various events and activities such as the Flag Hoisting Ceremony, an interactive session with Bishop His Excellency Geevarghese Mar Makarios, and a presentation on mission

www.malankaralibrary.com






activities by Delhi MCYM youths. The convention also included acknowledgments of previous diocesan leaders, inspirational speeches by Deepthi Sophia and Mr. Subin Thomas, a Youth Interaction session, and a Quiz on By-law. Participants enjoyed a movie screening and engaging games, followed by a prayer session and confession led by the YouCat team. Cultural programs and a musical night provided entertainment, while the following day began with morning prayer and Holy Qurbana. A session on MCYM Theme Study was conducted by MCYM CS President Mrs.Angel Mary, and the MCYM CS team was felicitated in a traditional Karnataka -style. A debate on "Foreign Migration of Educational Youths: A Resource Drain of Our Country" sparked intellectual discussions. The convention concluded with a Concluding Ceremony attended by the Vicar General Rt. Rev. Msgr. Fr. Eldho Puthenkandathil and presided over by President Mr. Babith N.V. A Youth Rally through the streets of Nellyady town showcased unity and strength, and the event ended with the ceremonial lowering of the flag and singing of the Anthem.